MR. P. NANU : ഇങ്ങനെ ഒരു സഹകരണം അവർക്ക് കൊടുത്താൽ ആവശ്യമില്ലാത്തതുപോലും വച്ചു താമസിപ്പിക്കുകയില്ലേ ?

HON'BLE MR. A. J. JOHN : ആവശ്യമുള്ള വിവരങ്ങൾ അറിയാതെ ഡിസ്പോസ് ചെയ്യണമെന്നു പറഞ്ഞാൽ ബിൽ അങ്ങനെതന്നെ പാസാക്കേണ്ടിവരും.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. ബാക്കിയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ സിക്രട്ടറിയുടെ മേശപ്പുറത്തു വയ്ക്കുന്നതാണു.

WRITTEN ANSWERS.

സക്കാരിൽനിന്നും കിട്ടേണ്ടപണം

*97, MR. P. NANU : താഴെക്കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) സക്കാർ ആഫീസുകളിൽനിന്നും പൊതുജനങ്ങൾക്കു കിട്ടേണ്ട പണങ്ങൾക്കുള്ള അപേക്ഷകളോ, അനുവാദത്തിനായി അയയ്ക്കുന്ന ബില്ലുകളോ തീർച്ചു ചെയ്യുന്നതിനോ, പാസ്സാക്കുന്നതിനോ കാലനിർണ്ണയം ചെയ്തുള്ള രൂപം ഇപ്പോൾ ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ അതനുസരിച്ചു നടക്കുന്നുണ്ടോ ?

(സി) ബില്ലുകളോ, പണം കിട്ടുന്നതിനുള്ള അപേക്ഷകളോ ആഫീസിൽ കിട്ടുന്ന തീയതിക്രമത്തിനാണോ തീർച്ച ചെയ്യുകയോ പാസ്സാക്കുകയോ ചെയ്യുന്നതു?

(ഡി) അല്ലാത്തപക്ഷം തീയതിക്രമത്തിനു പാസ്സാക്കുകയോ തീർച്ചു ചെയ്യുകയോ ചെയ്യാൻ ഇടയാകാഞ്ഞതിനുള്ള കാരണങ്ങൾ എന്തെല്ലാമാണു?

HON'BLE MR. A. J. JOHN :

(a) No specific rule has been prescribed; the practice and procedure however require such claims being disposed of as expeditiously as possible.

(b) Does not arise in view of (a) above.

(c) Yes; so far as the claims relate to the Accountant General's Office.

(d) Does not arise in view of the answer to (c).

LIBRARY ARCHIVES Kerala Legislative Assembly